LIBRARY ARCHIVES Kerala Legislative Assembly

ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം പദ്ധതി

24(*24) ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മിഷൻ 676'-ൽ ഉൾപ്പെടുത്തി 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചിട്ടുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) പ്രഖ്യാപിച്ചിട്ടുണ്ട്. 'മിഷൻ 676'ൽ രണ്ടാമതായി ചേർത്തിട്ടുള്ള വികസന ക്ഷേമ സേവന ദൗത്യങ്ങളിൽ 28- ാം നമ്പരായി 'ലഹരി വിമുക്ത കേരളം ഐശ്വര്യ കേരളം' പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ലഹരിവിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിനായി സ്കൂൾ - കോളേജ് തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവൽക്കരണം, കെ.എസ്.ആർ.ടി.സി., റെയിൽവേ സ്റ്റേഷൻ സി.സി.ടി.വി. വഴിയുള്ള ബോധവൽക്കരണം, ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകൾ വഴിയുള്ള ബോധവൽക്കരണ അനൗൺസ്മെന്റ്, കെ.എസ്.ആർ.ടി.സി. ബസ്സിന്റെ സൈഡ് പാനൽ വഴിയുള്ള പരസ്യം, കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ, അട്ടപ്പാടി വയനാട് എന്നീ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ബോധവൽക്കരണ പരിപാടികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സാമൂഹ്യ-സന്നദ്ധസംഘടനകൾ എന്നിവയുമായി സഹകരിച്ച് കൊണ്ടുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയാണ് 'മിഷൻ-676' വഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

(സി&ഡി) 'മിഷൻ-676' നോടുബന്ധിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ രൂപരേഖ സർക്കാർ പരിശോധനയിലാണ്. അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.